# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1009

03.12.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പട്ടികജാതിക്കാർക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

മറുപടി

ശ്രീ.എ.പി.അനിൽ കുമാർ
(ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി )

(എ) പട്ടികജാതിക്കാർക്ക് നേരെ നടക്കുന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പ കൽപ്പിക്കുന്നതിൽ അനിയന്ത്രിതമായ കാലതാമസം ഉണ്ടാകുന്നതായി ദേശീയ പട്ടികജാതി കമ്മീഷൻ ചൂണ്ടിക്കാണിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ പൂർത്തിയാക്കി തീർപ്പ കൽപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ദേശീയ പട്ടികജാതി കമ്മീഷൻ നടത്തിയ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് രേഖാമൂലം വിവരം ലഭിച്ചിട്ടില്ല.

(ബി) 2012-2013 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ എത്ര ശതമാനം കേസ്സുകളാണ് തീർപ്പുകൽപ്പിക്കപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ:

(ബി) 2012,2013 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടേയും 2012,2013 വർഷങ്ങളിൽ കോടതികളിൽ തീർപ്പ് കൽപ്പിക്കപ്പെട്ട കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | കോടതിയിൽ തീർപ്പ് കൽപ്പിച്ച കേസുകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 2012 | 743 | 162 | 21.80 |
| 2013 | 683 | 188 | 27.53 |

| | |
|---|---|
| (സി) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ പരിശോധിക്കുന്ന കോടതികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) ഉണ്ട്.1989 ലെ പട്ടികജാതി പട്ടിക വർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നത് സംബന്ധിച്ച നിയമ പ്രകാരം സ്ഥാപിച്ച മഞ്ചേരിയിലേയും മാനന്തവാടിയിലേയും കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.അതാത് ജില്ലയുടെ ഭരണ നിർവ്വഹണം വഹിക്കുന്ന ബഹു.ഹൈക്കോടതി ജഡ്ജി ഈ കോടതികളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ ഉത്തരവുകൾ നൽകുകയും ചെയ്യുന്നു.കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിൻറെ നിർദ്ദേശാനുസരണം ഹൈക്കോടതിയുടെ ധനകാര്യ വിഭാഗം ഈ കോടതികളിലെ പണമിടപാട് പരിശോധിക്കുകയും കോടതികളിൽ ഓരോ മാസവും ഫയൽ ചെയ്യുന്ന കേസ്സുകളുടെയും തീർപ്പാക്കുന്ന കേസ്സുകളുടേയും വിവരം സഹിതം സംസ്ഥാന ആസൂത്രണ ബോർഡിന് റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. |

Rashmika

സെക്ഷൻ ആഫീസർ